# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4302** **27.06.2013 ൽ മറുപടിക്ക്**

**അൺ എയ്ഡഡ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ..കെ. ബാലൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ മിനിമം വേതനം പോലും നൽകാതെ അധ്യാപകരെ മാനേജ്മെന്റ് ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ സഹായിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇതു സംബന്ധമായി സർക്കാർ രൂപീകരിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 14.2.2011 ലെ സ.ഉ.(എം.എസ്) നം.36/11/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുമ്പോൾ അധ്യാപകർക്കും, ജീവനക്കാർക്കും മിനിമം വേതനം നൽകുന്നത് സംബന്ധിച്ച സത്യവാങ്മൂലം വാങ്ങുന്നുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ചെയ്യുമോ; | (ബി) | മിനിമം വേതനം നൽകുന്നത് സംബന്ധിച്ച സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങുന്നുണ്ട്. |
| (സി) | അൺ എയ്ഡഡ് മേഖലയിലെ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയമിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരെയും രക്ഷകർത്താക്കളേയും മാനേജ്മെന്റ് ചൂഷണം ചെയ്യുന്നത് തടയാൻ നിയമ നിർമ്മാണം നടത്തുമോ? | (ഡി) | നിലവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ